LIBRARY ARCHIVES Kerala Legislative Assembly

മലയോര മേഖലയിൽ വന്യമൃഗങ്ങളുടെ ആക്രമണം

199 (2231) ശ്രീ. പി. .കെ. അബ്ദുറബ്ബ് :

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോരമേഖലയിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം വൻതോതിൽ കാർഷിക വിളകൾക്കും മനുഷ്യജീവനും നാശം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അടുത്ത കാലത്ത് വന്യമൃഗ ആക്രമണങ്ങൾ വർദ്ധിക്കാനുണ്ടായ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) മനുഷ്യ ജീവനും, സ്വത്തിനും വന്യമൃഗാക്രമണംമൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന നാശവും ഭീഷണിയും പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) 2010-ൽ വന്യമൃഗാക്രമണംമൂലം ഉണ്ടായ കൃഷിനാശവും, മനുഷ്യജീവനുകൾക്കുണ്ടായ നഷ്ടവും കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ?

ഉത്തരം

(എ) ഉണ്ട്. വനത്തിനുള്ളിലും വനത്തോടടുത്തും താമസിക്കുന്ന ജനങ്ങൾക്ക് കാട്ടാനകളുടേയും ഇതര വന്യമൃഗങ്ങളുടെയും ആക്രമണംമൂലമുള്ള നാശനഷ്ടങ്ങൾ വർദ്ധിച്ചുവരുന്ന, സാഹചര്യത്തെക്കുറിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ 1-2-2011-ലെ ജി.ഒ. (എംഎസ്.)4/2011/വനം എന്ന സർക്കാർ ഉത്തരവ് പ്രകാരം വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും ചീഫ് വൈൾഡ് ലൈഫ് വാർഡൻ കൺവീനറായും ഒരു 10 അംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. കാട്ടുമൃഗങ്ങൾ കൃഷിയിടങ്ങളിൽ പ്രവേശിക്കുന്നത് തടയാനുപകരിക്കുന്ന കിടങ്ങുകൾ, വൈദ്യുതി കമ്പിവേലികൾ, സൗരോർജ്ജ കമ്പിവേലികൾ, മതിലുകൾ തുടങ്ങിയവ നിർമ്മിക്കുന്നു.

2. കൃഷിയിടങ്ങളിലേക്ക് ഇറങ്ങിവരുന്ന മൃഗങ്ങളെ തിരിച്ച് വിടാനുള്ള നടപടികൾ കൈക്കൊള്ളുന്നു.

3. ജലലഭ്യത ഉറപ്പുവരുത്തുന്നതിലേക്കായി ഉൾവനങ്ങളിൽ തടയണകളും, കുളങ്ങളും നിർമ്മിക്കുന്നു.

4. കാട്ടുമൃഗങ്ങളെ ആകർഷിക്കുന്ന കൃഷിരീതി അനുവർത്തിക്കാതിരിക്കാൻ കൃഷിക്കാർക്കിടയിൽ അവബോധം വളർത്തുന്നു.

5. എല്ലാ പ്രതിരോധ പ്രവർത്തനങ്ങളിലും ജനപങ്കാളിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും ഉറപ്പുവരുത്താൻ നടപടികൾ എടുത്തുവരുന്നു.

6. ഉൾവനങ്ങളിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങളായ കള്ളവാറ്റും കഞ്ചാവ് കൃഷിയും കാട്ടുതീയും തടയുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തുന്നു.

7. കാട്ടിൽ വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ സസ്യങ്ങൾ നട്ടുവളർത്തുന്നു.

8. ആനകളുടെ സഞ്ചാരപഥം സുഗമമാക്കുന്നതിന് ആനത്താരാപദ്ധതിയിൻകീഴിൽ സ്വകാര്യ സ്ഥലം ഏറ്റെടുത്ത് ആനത്താരകൾ ഉണ്ടാക്കുന്നു.

9. മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷവും തുടർന്നുണ്ടാകുന്ന ജീവഹാനിയടക്കമുള്ള നാശനഷ്ടങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ ഒരു 10 അംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 2010-ൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം സംസ്ഥാനത്ത് 40 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വന്യമൃഗാക്രമണം മൂലമുള്ള കൃഷിനാശം കണക്കാക്കിയതിൽ 1,97,15,222 രൂപയുടെ നാശനഷ്ടം സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

പാമ്പുകടിയേറ്റ് മരിച്ചവരുടെ കുടുംബങ്ങൾക്ക് ധനസഹായം

200 (2232) ശ്രീ സി കെ പി പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാമ്പുകടിയേറ്റ് മരിച്ചവരുടെ കുടുംബങ്ങൾക്ക് ധനസഹായം കൊടുക്കുന്ന പദ്ധതി അനുസരിച്ച് ഏത് വരെയുള്ളവരുടെ അപേക്ഷകളിലാണ് തീർപ്പുകൽപ്പിച്ചിട്ടുള്ളത് ;

(ബി) എത്ര അപേക്ഷകളിൽകൂടി ഇനി ധനസഹായം അനുവദിക്കാനുണ്ട് ;

(സി) ഇത് എന്നേക്ക് നൽകുവാൻ സാധിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 7-7-2010-ലെ ജി.ഒ.(ആർ‌ടി.) നമ്പർ 297/2010/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ (വനത്തിന് പുറത്ത്) ആശ്രിതർക്ക് 1 ലക്ഷം രൂപ ധനസഹായം അനുവദിക്കുവാൻ വ്യവസ്ഥ ചെയ്തുകൊണ്ട് ഉത്തരവായിട്ടുള്ളത്. പാമ്പുകടിയേറ്റ് മരിച്ചവരുടെ ആശ്രിതരിൽ നിന്നും 2010-ൽ ലഭിച്ച അപേക്ഷകളിന്മേൽ നടപടി എടുത്തുവരുന്നു.

(ബി) 50 അപേക്ഷകളിൽ ധനസഹായം അനുവദിക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly